# പതിനാലാം കേരള നിയമസഭ

## ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.33

13-01-2021 ൽ മറുപടിക്ക്

**കിഫ്ബിയുടെ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്താനുള്ള ശ്രമങ്ങൾ**

| ചോദ്യം<br>ശ്രീ. കെ, സുരേഷ് കുറുപ്പ്<br>ശ്രീ എ. പ്രദീപ് കുമാർ<br>ശ്രീ. ജോൺ ഫെർണാണ്ടസ്<br>ശ്രീ. ഡി.കെ. മുരളി | മറുപടി<br>ഡോ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ മന്ത്രി) |
|---|---|
| (എ നിയമനിർമ്മാണ സഭ പാസാക്കിയ ഒരു നിയമത്തിന്റെ നിയമസാധുത പരിശോധിക്കാൻ സി & എ. ജിക്ക് എന്തെങ്കിലും അധികാരമുണ്ടോ; കിഫ്ബിയുടെ ഭരണഘടനാ സാധുത സി & എ. ജി ചോദ്യം ചെയ്യുന്നുള്ള വാർത്തയുടെ നിജസ്ഥിതി അറിയിക്കാമോ; | നിലനിൽക്കുന്ന ഏതെങ്കിലുംചട്ടങ്ങളിൽ നിന്ന്സർക്കാരിന്റെയോ അതിനു കീഴിൽ വരുന്ന ഏജൻസികളുടെയോ പ്രവർത്തികൾ വ്യതിചലിച്ചിട്ടുണ്ടെങ്കിൽ അത് തങ്ങളുടെ പരിധിയിൽ വരുന്ന വിഷയമാണെങ്കിൽ അവ സർക്കാരിനെ ചൂണ്ടികാണിക്കേണ്ടത് സി & എജിയുടെ കടമയാണ്. നിയമസഭയുടെ മുൻപാകെ വരുന്ന നിയമങ്ങൾ എല്ലാം തന്നെ നിയമവകുപ്പിന്റെ കർശനമായ നിയമസാധുത പരിശോധന കഴിഞ്ഞു വരുന്നവയാണ്. ഈ നിയമങ്ങൾ രാജ്യത്ത് നിലനിൽക്കുന്ന ഏതെങ്കിലും വ്യവസ്ഥകൾക്ക് പ്രത്യേകിച്ച് ഭരണഘടനാപരമായ വ്യവസ്ഥകൾക്ക് എതിരാണോ അല്ലയോ എന്നത് കൃത്യമായി നിയമവകുപ്പ് പരിശോധിക്കുകയും അവയിൽ അഭിപ്രായങ്ങൾ രേഖപ്പെടുത്തുകയും ചെയ്യാറുണ്ട്. 1999ൽ കിഫ്ബിയുടെ ആക്ട് രൂപീകരിക്കുന്ന കാലത്തും, 2016 ൽ അത് ഭേദഗതി ചെയുന്ന അവസരത്തിലും ഭരണഘടനാപരമായ സാധുത വിശദമായി പരിശോധിക്കപ്പെട്ടതും, അവയ്ക്ക് നിയമവകുപ്പിന്റെ അനുകൂലമായ അഭിപ്രായം രേഖപെടുത്തിയിട്ടുള്ളതുമാണ്. കിഫ്ബി എന്ന സ്ഥാപനമോ അതിന്റെ പ്രവർത്തനങ്ങളോ രാജ്യത്ത് നിലവിലുള്ള ഒരു നിയമത്തിനും എതിരല്ല. കിഫ് ആക്ട് |

| | |
|---|---|
| | സുദീർഘമായ വിശകലനങ്ങൾക്കും ചർച്ചകൾക്കും ഒടുവിൽ കേരള നിയമസഭ ഏകകണ്ഠമായി പാസ്സാക്കിയ ഒരു നിയമമാണ്.<br>സിഎജി റിപ്പോർ ട്ട് സംബന്ധിച്ച വിവാദം ഇപ്രകാരമാണ്.<br>നിയമസഭയുടെ മുൻപാകെ സിഎജി റിപ്പോർട്ട് സമർപ്പിക്കേണ്ടത് ധനകാര്യമന്ത്രിയാണ്. സഭയിൽ സമർപ്പിക്കുന്ന ഈ റിപ്പോർട്ടിനെ കുറിച്ച് ധനകാര്യ മന്ത്രിക്ക് വ്യക്തമായ ബോധ്യവും ഉത്തരവാദിത്തവും ഉണ്ടാകണം. നിലവിലെ ഓഡിറ്റ് ചട്ടങ്ങൾ സർക്കാരിന് പൂർണ്ണമായും ഇതു സംബന്ധിച്ച അറിവ് ഉണ്ടാകും വിധമാണ്. സിഎജി കരട് റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുക, അതിന്മേലുള്ള സർക്കാരിന്റെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിക്കുക, തുടർന്ന് അതിന്റെ അടിസ്ഥാനത്തിൽ എത്തിച്ചേരുന്ന നിഗമനങ്ങളും നിർദ്ദേശങ്ങളും എക്സിറ്റ് മീറ്റിങ്ങിൽ അവതരിപ്പിക്കുക, തുടർന്ന് മീറ്റിംഗിന്റെ മിനുട്സ് ചംക്രമണംചെയുക. ഈ പ്രക്രിയകളിലുടനീളം സർക്കാർ പ്രകടിപ്പിക്കുന്ന അഭിപ്രായങ്ങളും നിർദ്ദേശങ്ങളും വിശദീകരണങ്ങൾക്കും എല്ലാവിധ പരിഗണനയും നൽകി അന്തിമ റിപ്പോർട്ട് തയ്യാറാക്കി സർക്കാരിലേക്ക് തുടർ നടപടികൾക്കായി സമർപ്പിക്കുക എന്നിങ്ങനെയാണ് സംസ്ഥാനത്തിന്റെ ധനകാര്യ റിപ്പോർട്ട് സംബന്ധിച്ച് സി എ ജി സ്വീകരിക്കേണ്ട നടപടിക്രമം. സർക്കാരിന് അല്ലെങ്കിൽ ഓഡിറ്റിന് വിധേയമാകുന്ന സ്ഥാപനത്തിന് കരട് റിപ്പോർട്ട് നൽകി അതിന്മേലുള്ള അഭിപ്രായങ്ങളും നിരീക്ഷണങ്ങളും വിയോജിപ്പുകളും പരിഗണിച്ച് മാത്രമേ അന്തിമറിപ്പോർട്ട് തയ്യാറാക്കാനാകൂ. എന്നാൽ സിഎജി ഇപ്പോൾ സമർപ്പിച്ച അന്തിമ റിപ്പോർട്ടിൽ കരട് റിപ്പോർട്ടിൽ ഒരുതരത്തിലും ഉൾപ്പെടാത്ത നിഗമനങ്ങളും നിരീക്ഷണങ്ങളും തീർപ്പുകളും സിഎജി തന്നെ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റ നടപടിക്രമങ്ങളുടെ ചട്ടങ്ങൾ പാലിക്കാതെ ഏകപക്ഷീയമായി |

| | |
|---|---|
| | ഉൾപ്പെടുത്തി എന്നതാണ് വിവാദത്തിന് കാരണമായത്. സർക്കാരിന് സംസ്ഥാനത്തിന്റെ ധനകാര്യ റിപ്പോർട്ട് സമർപ്പിക്കുമ്പോൾ ചട്ടപ്രകാരം പാലിക്കേണ്ട നടപടികൾ സിഎജി സ്വീകരിച്ചില്ല. ഇതിനു സർക്കാരിന്റെ അഭിപ്രായം ആരായുവാനുള്ള താല്പര്യം സിഎജി കാണിച്ചില്ല. എക്സിറ്റ് മീറ്റിംഗിന്റെ മിനുട്സ് പോലും സർക്കാരിന് നൽകിയില്ല. കിഫ്ബി പോലെ സർക്കാരിന്റെ സുപ്രധാനമായ ഒരു സംവിധാനത്തിനെ സംബന്ധിച്ച് വേണ്ടത്ര വ്യക്തത വരുത്തുവാൻ ശ്രമിക്കാതെയുള്ള റിപ്പോർട്ടിലെ പരാമർശങ്ങൾ സിഎജിയുടെ ഭാഗത്ത് നിന്നും ഉണ്ടായ ഗൌരവമേറിയ വീഴ്ചയായി കാണുന്നു. ഇതു സംബന്ധമായ പരാമർശം നടത്തിയ സാഹചര്യം ഇതാണ്. |
| (ബി) കേന്ദ്ര കുറ്റാന്വേഷണ ഏജൻസികളെയും ഓഡിറ്റ് ഏജൻസിയെയും കിഫ്ബിയെക്കുറിച്ച് തെറ്റായ ആരോപണങ്ങൾ ഉയർത്താൻ പ്രതിപക്ഷ കക്ഷികൾ വിനിയോഗിക്കുന്നത് കിഫ്ബി വഴിയുള്ള വികസന പ്രവർത്തനങ്ങളെ തടസ്സപ്പെടുത്താനിടയായിട്ടുണ്ടോ; കിഫ്ബി വായ്പക്കെതിരെ പ്രതിപക്ഷത്തിന്റെ ആരോപണം ശ്രദ്ധയിൽപ്പെട്ടിരുന്നോ; | 2016-ൽ ഐകകണ്ഠേനയാണ് കേരള നിയമസഭ കിഫ്ബി ഭേദഗതി നിയമം പാസാക്കിയത്. തുടർന്നുള്ള കാലയളവിൽ സമാനതകളില്ലാത്ത പ്രവർത്തനമികവാണ കിഫ്ബി എന്ന സ്ഥാപനം കാഴ്ച വെച്ചത്. വളരെ പ്രൊഫെഷണലായുള്ള പ്രവർത്തന രീതികളാണ് കിഫ്ബിയെ ഇതിനു സഹായിച്ചത്. ചുരുങ്ങിയ കാലയളവിൽ തന്നെ കിഫ്ബി ആഭ്യന്തര അന്താരാഷ്ട്ര തലത്തിൽ ശ്രദ്ധ പിടിച്ചുപറ്റി. മാറ്റങ്ങൾ കൺമുൻപിൽ കണ്ടു തുടങ്ങി. ഇങ്ങനെ നാളത്തെ കേരളത്തെ നിർവ്വചിക്കുന്ന ഒരു സംവിധാനമായി കിഫ്ബി ഇന്ന് രൂപാന്തരപ്പെട്ടിരിക്കുന്നു. ഈ കാലയളവിലെല്ലാം തന്നെ കിഫ്ബിയെ മോശമായി ചിത്രീകരിക്കുവാനുള്ള ബോധപൂർവ്വമായ ശ്രമങ്ങൾ വിവിധ കോണുകളിൽ നിന്നും ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>എന്നാൽ ഇത്തരത്തിലുള്ള എല്ലാ ആക്ഷേപങ്ങൾക്കും ആശങ്കകൾക്കും സമയാസമയം വിവിധമാർഗ്ഗങ്ങളിലൂടെ കൃത്യമായ വിശദീകരണം നൽകുവാൻ സർക്കാരിനും കിഫ്ബിയ്ക്കും കഴിഞ്ഞു. ഉചിതമായ ഈ |

| | |
|---|---|
| | ഇടപെടലുകളിലൂടെ പൊതുജനങ്ങൾക്ക് കിഫ്ബിയോടും അതിന്റെ പ്രവർത്തനങ്ങളോടുമുള്ള വിശ്വാസം കാത്തുസൂക്ഷിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ആഭ്യന്തര – അന്താരാഷ്ട്ര നിക്ഷേപകരെയും പൊതുജനങ്ങളെയും പൂർണ്ണമായും വിശ്വാസത്തിലെടുത്ത് മാത്രമേ കിഫ്ബി പോലെയുള്ള ഒരു സ്ഥാപനത്തിന് മുന്നോട്ട് പോകുവാൻ കഴിയു. അതിനാൽ ഇത്തരത്തിൽ തെറ്റായ വിവരങ്ങൾ പ്രചരിപ്പിക്കുന്നതിനെതിരെ ശക്തമായ നിലപാടുകൾ സ്വീകരിച്ചുകൊണ്ട് മുന്നോട്ട് പോകുവാനും, കിഫ്ബി മുഖേനയുള്ള കേരളത്തിന്റെ സുപ്രധാന അടിസ്ഥാന പദ്ധതികൾ നിശ്ചയിച്ച പ്രകാരം പൂർത്തിയാക്കുവാനുമാണ് ഈ സർക്കാരിന്റെ തീരുമാനം. |
| (സി) രാഷ്ട്രീയ ദുരുദ്ദേശ്യത്തോടെ കിഫ്ബിക്കെതിരെ ആരെങ്കിലും കോടതിയിൽ കേസ് നൽകിയിരുന്നോ; അവയുടെ സ്ഥിതി എന്തെന്ന് അറിയിക്കാമോ; | കിഫ്ബിയുടെ മസാലബോണ്ടിന്റെ ഭരണഘടന സാധുതയും സി&എജി ഓഡിറ്റും സംബന്ധിച്ച് ഹൈക്കോടതിയിൽ ഒരു റിട്ട് പെറ്റിഷൻ നിലനിൽക്കുന്നുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ ഈ പരാതിയിന്മേലുള്ള വാദം കേൾക്കൽ കോടതി നീട്ടി വെച്ചിരിക്കുകയാണ്. സംസ്ഥാന സർക്കാർ, കേന്ദ്രസർക്കാർ, റിസർവ്വ്ബാങ്ക്, സി&എജി, കിഫ്ബി, ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ച് എന്നിങ്ങനെ വിവിധ സംവിധാനങ്ങളെ ഇതിൽ കക്ഷി ചേർത്തിട്ടുള്ളതിനാൽ പ്രസ്തുത പരാതി സംബന്ധിച്ച് എല്ലാരുടെയും സത്യവാങ്മൂലം സമർപ്പിക്കപ്പെടേണ്ടതായുണ്ട്. |
| (ഡി) നിലവിലെ കേസിലെ കക്ഷി ആരാണെന്നും അവർ ഉന്നയിച്ചിരിക്കുന്ന ആവശ്യം എന്താണെന്നും വ്യക്തമാക്കുമോ; | എം.ആർ. രഞ്ജിത്ത് കാർത്തികേയൻ എന്ന ചാർട്ടേർഡ് അക്കൌണ്ടന്റ് ആണ് ഹൈക്കോടതിയിൽ കിഫ്ബിയുടെ മസാലബോണ്ടിന്റെ ഭരണഘടന സാധുതയും സി&എജി ഓഡിറ്റും സംബന്ധിച്ച് റിട്ട്പെറ്റിഷൻ ഫയൽ ചെയ്തിരിക്കുന്നത്. പെറ്റീഷനിൽ ഉന്നയിച്ച പ്രധാന ആവശ്യങ്ങൾ താഴെ പറയുന്നവ ആണ്.<br>• കിഫ്ബിയെ മസാലബോണ്ടുകൾ പുറപ്പെടുവിക്കുന്നതിനും, അവ ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിലോ മറ്റേതെങ്കിലും |

| | |
|---|---|
| | സ്റ്റോക്ക് എക്സ്ചേഞ്ചിലോ ലിസ്റ്റ് ചെയ്യുന്നത്തിൽ നിന്നും വിലക്കുക.<br>• നിലവിൽ പുറപ്പെടുവിച്ച മസാലബോണ്ടിന്റെ വിപണിയിലെ ക്രയവിക്രയങ്ങൾ അവസാനിപ്പിക്കുക. മസാലബോണ്ട് വഴി സമാഹരിച്ച തുക വിനിയോഗിക്കുന്നതിൽ നിന്ന് കിഫ് ബിയെ വിലക്കുക.<br>• സി&എജിയുടെ 20(2) പ്രകാരമുള്ള ഓഡിറ്റിന് കിഫ് ബിയെ വിധേയമാക്കുക.<br>• കിഫ് ബിയുടെ മസാലബോണ്ട് ഭരണഘടനാ ലംഘനമാണെന്നും ഇതിന്മേൽ നൽകുന്ന സർക്കാർ ഗ്യാരന്റി സഞ്ചിതനിധിയിൽ നിന്നും ചാർജ് ചെയ്യുന്നത് വിലക്കണമെന്നും അപേക്ഷയിൽ പറയുന്നു. |
| (ഇ) കിഫ് ബിയിൽ നിലവിൽ ഏതെല്ലാം തലത്തിലുള്ള ഓഡിറ്റ് പരിശോധന നടക്കുന്നുണ്ടെന്ന് അറിയിക്കാമോ? | കിഫ് ബിയിൽ വിവിധ തലത്തിലുള്ള ഓഡിറ്റിങ് സമ്പ്രദായങ്ങളും അനുബന്ധ നിരീക്ഷണ സംവിധാനങ്ങളും നിലനിൽക്കുന്നുണ്ട്. കിഫ് ബിയിൽ സി ആൻഡ് എ ജി യുടെ ഓഡിറ്റ് നടക്കുന്നുണ്ട്. 2020 ജൂലൈ മാസം വരെയുള്ള കാലയളവിലെ സി&എജി ഓഡിറ്റ് കിഫ് ബിയിൽ പൂർത്തിയായിട്ടുണ്ട്. കിഫ് ആക്ട് നിഷ്കർഷിക്കുന്ന പ്രകാരം സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിംഗ്, ഫണ്ട് ട്രസ്റ്റീ ആൻഡ് അഡ്വൈസറി കമ്മീഷൻ എന്നിവയാണ് ഇതിൽ പ്രധാനം. ഇതു കൂടാതെ ഇന്റേണൽ ഓഡിറ്റിംഗ് സംവിധാനം, ടാക്സ് ഓഡിറ്റിംഗ് സംവിധാനം അന്താരാഷ്ട്ര നിക്ഷേപകരുടെ താല്പര്യ പ്രകാരമുള്ള പിയർ റിവ്യൂ ഓഡിറിംഗ് എന്നിവയും കിഫ് ബിയിൽ നടന്നുവരുന്നു. ഇത്തരത്തിൽ കിഫ് ബിയുടെ വരവ് ചെലവ് കണക്കുകൾ വിവിധ തലങ്ങളിൽ പരിശോധിക്കപ്പെടുന്നുണ്ട്.<br>അതോടൊപ്പം പദ്ധതി നിർവഹണം സംബന്ധിച്ച് ഓഡിറ്റുകളും കിഫ് ബിയിൽ നിലവിലുണ്ട്. ഇന്റേണൽ ക്വാളിറ്റി ഓഡിറ്റ് സെൽ, |

| | |
|---|---|
| | സ്വതന്ത്ര ക്വാളിറ്റി ഓഡിറ്റ് എന്നിവയാണവ. കിഫ്ബി പദ്ധതികൾ മികച്ച നിലവാരത്തിലാണ് നിർമിക്കപ്പെടുന്നത് എന്ന് ഉറപ്പുവരുത്തുവാൻ ഇവ സഹായിക്കും. പദ്ധതി നിർവഹണത്തിൽ പോരായ്മകൾ ശ്രദ്ധയിൽപ്പെടുന്ന സാഹചര്യങ്ങളിൽ ഉചിതവും സത്വരവുമായ നടപടികൾ കിഫ്ബി സ്വീകരിച്ചുവരുന്നു. |

ജോയിന്റ് സെക്രട്ടറി